REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 07-10-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- രാജ്യസേവനത്തിന്റെ 25 -ാം വർഷത്തിൽ ജനങ്ങൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭാ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു.
- ഇതരസംസ്ഥാനങ്ങളിൽ നിന്നു കുടിയേറി കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് കേന്ദ്രത്തിൽ സമ്മർദം ചെലുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ വൈകിട്ട് തിരുവനന്തപുരത്ത് വിതരണം ചെയ്യും.
- വനിതാ ലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ഇന്ന് ഇംഗ്ലണ്ട്, ബംഗ്ലാദേശ് പോരാട്ടം.

## വാർത്തകൾ വിശദമായി

കഴിഞ്ഞ 11 വർഷങ്ങളിൽ രാജ്യം ശ്രദ്ധേയമായ നിരവധി പരിഷ്ക്കരണങ്ങൾക്ക് സാക്ഷ്യം വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. രാജ്യത്തെ സ്ത്രീകൾ, യുവാക്കൾ, കർഷകർ എന്നിവരെ ശാക്തീകരിക്കാനും, 25 കോടിയിലേറെ പേരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

രാജ്യസേവനത്തിന്റെ 25 -ാം വർഷത്തിലേക്ക് പ്രവേശിച്ച നരേന്ദ്രമോദി, ഇതിന് അവസരമൊരുക്കിയതിനും, ഗവൺമെന്റുകൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞതിലും ജനങ്ങളെ നന്ദിയറിയിച്ചു. ജനങ്ങളുടെ വിശ്വാസത്തിലും, താൽപര്യത്തിലും അങ്ങേയറ്റം കൃതജ്ഞത അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഗുജറാത്തിന് ഇനിയൊരിക്കലും ഉയിർത്തെഴു ന്നേൽപ്പില്ലെന്ന് പലരും ചിന്തിച്ചിരുന്ന കാലത്ത് മുഖ്യമന്ത്രിയായി സ്ഥാനമേറ്റതുമുതൽ ഒട്ടേറെ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കാൻ കഴിഞ്ഞതായി അദ്ദേഹം അനുസ്മരിച്ചു.

✪✪✪

ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭാ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. തുടർച്ചയായ രണ്ടാം ദിവസമാണ് ഈ വിഷയത്തിലെ ബഹളം മൂലം സഭ നേരത്തെ പിരിയുന്നത്. ബഹളത്തിനിടയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം 2024ലെ കേരള പൊതു വില്പന നികുതി ഭേദഗതി ബിൽ, 2025ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ, 2025ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ബിൽ, 2025ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ഭേദഗതി ബില്ല് എന്നിവ സഭ പാസ്സാക്കി.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

........(വോയ്സ്)................

✪✪✪

പ്രതിപക്ഷാംഗങ്ങൾ ഇന്നും സ്പീക്കറുടെ വേദി മറച്ച് ബാനറുകൾ പിടിച്ച് പ്രതിഷേധിച്ചു. സഭാധ്യക്ഷനെ നടപടികൾ തുടരാൻ അനുവദിക്കാത്തത് ജനാധിപത്യപരമല്ലെന്ന് സ്പീക്കർ പ്രതിപക്ഷത്തെ പലവട്ടം ഓർമ്മിപ്പിച്ചു.

✪✪✪

കോടതിയെ വെല്ലുവിളിക്കുന്ന സമീപനമാണ് പ്രതിപക്ഷം സഭയിൽ സ്വീകരിക്കുന്നതെന്ന് മന്ത്രി KN ബാലഗോപാൽ കുറ്റപ്പെടുത്തി. ജനാധിപത്യരീതിയിൽ ചർച്ച നടക്കേണ്ട സഭയിൽ അതിന് തടസ്സമുണ്ടാക്കുന്നത് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു.

ശബരിമല ദ്വാരപാലക വിഷയത്തിൽ ഏതന്വേഷണവും സ്വാഗതം ചെയ്യുന്നുവെന്ന് മന്ത്രി P രാജീവും അറിയിച്ചു. എന്നാൽ പ്രതിപക്ഷം ഹൈക്കോടതിയെ പോലും വെല്ലുവിളിച്ചാണ് നിയമസഭയിൽ പ്രതിഷേധിക്കുന്നതെന്ന് രാജീവ് ആരോപിച്ചു.

✪✪✪

ഇതരസംസ്ഥാനങ്ങളിൽ നിന്നു കുടിയേറി കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് കേന്ദ്രത്തിൽ സമ്മർദം ചെലുത്തുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. ജാതിസർട്ടിഫിക്കറ്റ് വിഷയം കേന്ദ്രഗവൺമെന്റിന്റെ പരിഗണനാ വിഷയമാണെന്നും അദ്ദേഹം അറിയിച്ചു. A രാജയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ കായിക വികസനത്തിന് സ്പോർട്സ് കേരള ഫൌണ്ടേഷന്റെ നേതൃത്വത്തിൽ രണ്ടായിരം കോടിയോളം രൂപയുടെ പ്രവൃത്തികൾ നടത്തിവരുന്നതായി മന്ത്രി v അബ്ദു റഹിമാൻ നിയമസഭയിൽ പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ സംസ്ഥാനത്ത് 16 ഓളം സിന്തറ്റിക് ട്രാക്കുകൾ നിർമ്മിച്ചു.

ഉന്നതി ഓവർസീസ് സ്കോളർഷിപ് പദ്ധതിയിൽ 1,039 പട്ടികജാതി - പട്ടിക വർഗ വിദ്യാർത്ഥികളെ വിദേശ ഉന്നത വിദ്യാഭ്യാസത്തിന് അയച്ചിട്ടുണ്ടെന്ന് മന്ത്രി O R കേളു പറഞ്ഞു.

✪✪✪

UDF നേതൃയോഗം ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് ചേരും. ശബരിമല വിഷയത്തിൽ തുടർപ്രക്ഷോഭങ്ങൾ ചർച്ച ചെയ്യാനാണ് യോഗം ചേരുന്നത്.

✪✪✪

ശബരിമല ദ്വാരപാലക ശില്പം കടത്തിക്കൊണ്ടു പോയി വിറ്റതാർക്കാണെന്ന് സംസ്ഥാന ഗവൺമെന്റ് വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. സ്വർണ്ണമോഷണം ദേവസ്വം ബോർഡിന്റെ അറിവോടുകൂടിയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഈ കാര്യത്തിൽ ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ ഞെട്ടിപ്പിക്കുന്നതാണെന്നും കോടതി സംസ്ഥാന ഗവൺമെന്റിൽ അവിശ്വാസം രേഖപ്പെടുത്തിയെന്നും VD സതീശൻ അറിയിച്ചു.

✪✪✪

സുരക്ഷിതമായ കുടിയേറ്റം ഉറപ്പാക്കാൻ ഗവൺമെന്റും റിക്രൂട്ട്മെന്റ് ഏജൻസികളും അടക്കം ഈ രംഗത്തെ എല്ലാവരും സഹകരിച്ചു മുന്നേറണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. നോർക്കയും പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും ചേർന്ന് തിരുവനന്തപുരത്തു സംഘടിപ്പിച്ച ആഗോള മൊബിലിറ്റി ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കുടിയേറ്റത്തിനു ശ്രമിക്കുന്നവരെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

പ്രവാസികളാകുന്ന മലയാളികളുടെ വളർച്ചയ്ക്ക് ഒപ്പമുണ്ടാകുന്ന വെല്ലുവിളികൾ നേരിടാൻ തയ്യാറാകണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. വിദേശകാര്യ മന്ത്രാലയം സെക്രട്ടറി അരുൺ കുമാർ ചാറ്റർജി അടക്കം പ്രമുഖർ ശിൽപശാലയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ ഇന്ന് തിരുവനന്തപുരത്ത് വിതരണം ചെയ്യും. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും.

കേരള ജൈവ വൈവിദ്ധ്യ പരിപാലന കർമ്മ പദ്ധതി ബോർഡിന്റെ 20 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ചടങ്ങിൽ ഔദ്യോഗികമായി പ്രകാശം ചെയ്യും.

✪✪✪

രാജ്യസഭ അധ്യക്ഷൻ C.P രാധാകൃഷ്ണൻ വൈകിട്ട് നാലിന് രാജ്യസഭയിൽ എല്ലാ പാർട്ടി നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. സഭയുടെ സുഗമമായ നടത്തിപ്പിനും തടസ്സങ്ങളില്ലാതെ ഘടനാപരമായ ചർച്ചകൾ സാധ്യമാക്കുന്നതിനെക്കുറിച്ചും ആശയങ്ങൾ കൈമാറുകയാണ് യോഗം ലക്ഷ്യമിടുന്നത്.

രാധാകൃഷ്ണൻ രാജ്യസഭാ അധ്യക്ഷനായി ചുമതലയേറ്റതിനുശേഷം പാർട്ടി നേതാക്കളുമായി നടത്തുന്ന ആദ്യ കൂടിക്കാഴ്ചയാണിത്.

✪✪✪

വോട്ടർപട്ടിക പ്രത്യേക തീവ്ര പരിഷ്കരണ പ്രക്രിയ രാജ്യത്തുടനീളം നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനകം തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പാൻ-ഇന്ത്യപ്രത്യേക തീവ്ര പരിഷ്കരണ പ്രക്രിയ ആരംഭിക്കുന്നതിന് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിന്റെ തീയതികൾ തീരുമാനിച്ച് ഔപചാരിക പ്രഖ്യാപനം നടത്തുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞ മാസം 22 ന് പ്രഖ്യാപിച്ച GST ബചത് ഉത്സവ് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനകരമാണ്. മഹാരാഷ്ട്രയുടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന GST പരിഷ്കാരങ്ങളെക്കുറിച്ചാണ് ഇന്നത്തെ റിപ്പോർട്ട്.

പുതിയ GST പരിഷ്കരണം മഹാരാഷ്ട്രയിലെ കർഷകർക്കും, കരകൗശല വിദഗ്ധർക്കും, ചെറുകിട ബിസിനസുകൾക്കും വലിയ ആശ്വാസമാണ്. പുതുക്കിയ നികുതി ഘടന പ്രകാരം സംസ്ഥാനത്തെ പല സാധനങ്ങൾക്കും മുമ്പത്തെ 12 ശതമാനം നികുതി സ്ലാബിന് പകരം വെറും 5 ശതമാനം GST മാത്രമാണ്. പഞ്ചസാര 6 മുതൽ 7 ശതമാനം വിലകുറഞ്ഞതായിരിക്കും, ഇത് 50 ലക്ഷത്തിലധികം കരിമ്പ് കർഷകർക്കും രണ്ട് ലക്ഷം മിൽ തൊഴിലാളികൾക്കും പ്രയോജനം ചെയ്യും. തീരദേശ, കൊങ്കൺ മേഖലകളിൽ, സംസ്കരിച്ച മത്സ്യ, സമുദ്രോത്പന്നങ്ങൾ 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയുന്നത് രണ്ട് ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾക്ക് മികച്ച വിപണി നേട്ടമാണ് നൽകുന്നത്. കൈത്തറി, തുണിത്തരങ്ങൾ, കരകൗശല മേഖലകളും വളരെയധികം നേട്ടമുണ്ടാക്കും.

✪✪✪

സംസ്ഥാന നിയമസഭാ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിയമങ്ങളിലൊന്നായി കേരള പൊതുസേവനാവകാശ ബിൽ 2025 മാറുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. പൊതുജനങ്ങളുടെ അപേക്ഷയിൽ സേവനം എത്ര ദിവസത്തിനുള്ളിൽ ലഭിക്കണമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭിക്കുന്നില്ലെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് പിഴ ഈടാക്കാൻ ബിൽ വ്യവസ്ഥ ചെയ്യുന്നതായും മന്ത്രി വ്യക്തമാക്കി.

✪✪✪

**സ്വർണവില ഇന്നും കൂടി. 920 രൂപ വർദ്ധിച്ചു 89,480 രൂപയാണ് പവന് 11,185 രൂപയാണ് ഗ്രാമിന്.**

✪✪✪

**വനിതാ ലോകകപ്പ് ഏകദിന ക്രിക്കറ്റിൽ  ഇന്ന് ഇംഗ്ലണ്ട്, ബംഗ്ലാദേശിനെ നേരിടും. ഉച്ച കഴിഞ്ഞ് മൂന്നിന് ഗുവാഹത്തിയിലാണ് മത്സരം.**

✪✪✪

**കേന്ദ്ര ഗവണ്മെന്റ് കർഷകർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമായി കർഷകരിൽ എത്തിക്കണമെന്നും, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് എത്രയും പെട്ടന്ന് നഷ്ടപരിഹാരം നൽകണമെന്നും സംസ്ഥാന ഗവൺമെന്റിനോട് കർഷക മോർച്ച കണ്ണൂർ  സൗത്ത് ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു.**

✪✪✪

**താനൂർ -തൂവൽ തീരം  ബോട്ടപകടത്തെ പറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന ജസ്റ്റിസ് VK മോഹനൻ കമ്മീഷൻ ഈ മാസം 22നും 23നും പൊതു തെളിവെടുപ്പ് നടത്തും. 22ന് തിരൂർ വാഗൺട്രാജഡി ഹാളിലും 23ന് അരീക്കോട് കമ്യൂണിറ്റി ഹാളിലുമാണ് തെളിവെടുപ്പ്.**

✪✪✪

**കണ്ണൂർ - തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസിന് ചങ്ങനാശ്ശേരിയിൽ സ്റ്റോപ്പ് അനുവദിച്ചു.  തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ മറ്റന്നാൾ മുതലും കണ്ണൂരിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ ഈ മാസം പത്തു മുതലും ചങ്ങനാശ്ശേരിയിൽ നിർത്തുമെന്ന് റെയിൽവേ അറിയിച്ചു. ഒരു  മിനിറ്റാണ് സ്റ്റോപ്പ്.**

✪✪✪

**സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശനിയാഴ്ച വരെ ചില ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയുണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.**

✪✪✪

**പ്രശസ്ത ചിത്രകാലാ അധ്യാപകനും KG ഹർഷൻ സ്മാരക ഗുരുപൂജാ പുരസ്കാര ജേതാവുമായ K.I.വിഷ്ണു നമ്പൂതിരി മാസ്റ്റർ അന്തരിച്ചു. സംസ്കാരം ഉച്ചയ്ക്ക്  ബാലുശ്ശേരി തൃക്കുറ്റിശ്ശേരിയിലെ വീട്ടുവളപ്പിൽ.**

✪✪✪

**കോഴിക്കോട് ജില്ലയിൽ കടലിൽ നിന്ന് ചെറുമത്സ്യങ്ങൾ പിടിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് മുന്നറിയിപ്പ് നൽകി. ഇത് സംബന്ധിച്ച നിബന്ധനകൾ പാലിക്കാത്ത യാനങ്ങൾക്കെതിരെ നടപടിയെടുക്കാൻ ഉദ്യോഗസ്ഥർക്ക് കലക്ടർ നിർദേശം നൽകി.**

✪✪✪

**കോഴിക്കോട് ജില്ലയിൽ കടലിൽ നിന്ന് ചെറുമത്സ്യങ്ങൾ പിടിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് മുന്നറിയിപ്പ് നൽകി. ഇത് സംബന്ധിച്ച നിബന്ധനകൾ പാലിക്കാത്ത യാനങ്ങൾക്കെതിരെ നടപടിയെടുക്കാൻ ഉദ്യോഗസ്ഥർക്ക് കലക്ടർ നിർദേശം നൽകി.**

✪✪✪

**ലോകത്ത് 13നും 15നും ഇടയിൽ പ്രായക്കാരായ 15 ദശലക്ഷത്തിലേറെ കൗമാരക്കാർ E-സിഗരറ്റ് ഉപയോഗിക്കുന്നതായി ലോകാരോഗ്യസംഘടന അറിയിച്ചു. ഉപയോക്താക്കളിൽ മുതിർന്നവരുടെ ഒമ്പതിരട്ടിയാണ് യുവജനങ്ങളിൽ E-സിഗരറ്റുകളുടെ ഉപയോഗം. ഇത് ഗുരുതരമായ പുകയില അടിമത്വത്തിലേക്ക് യുവതലമുറയെ നയിക്കുമെന്ന് സംഘടന മുന്നറിയിപ്പ് നൽകി.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*